# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി: സംഭാവന 700 കോടി കവിഞ്ഞു

**3.91 ലക്ഷം പേർ ഓൺലൈനായി സംഭാവന നൽകി**

**തിരുവനന്തപുരം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തിങ്കളാഴ്ച വൈകിട്ട് ഏഴു വരെ 713.92 കോടി രൂപ സംഭാവന ലഭിച്ചു. ഇതിൽ 132.68 കോടി രൂപ CMDRF പെയ്മെന്റ് ഗേറ്റ്‌വേയിലെ ബാങ്കുകളും യുപിഐകളും വഴിയും 43 കോടി രൂപ പേ ടിഎം വഴിയും ഓൺലൈൻ സംഭാവനയായി ലഭിച്ചതാണ്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ CMDRF അക്കൗണ്ടിൽ നിക്ഷേപമായി 518.24കോടി രൂപ ലഭിച്ചു. തിങ്കളാഴ്ചമാത്രം മുഖ്യമന്ത്രിയുടെ ഓഫീസിൽ മാത്രം ചെക്കുകളും ഡ്രാഫ്റ്റ്കളുമായി 20 കോടി രൂപ ലഭിച്ചു. അവധിദിവസങ്ങളിൽ മറ്റ് ഓഫീസുകളിൽ ലഭിച്ച ചെക്കുകളും മറ്റും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുവരെ 3.91 ലക്ഷം പേർ ഓൺലൈനായി സംഭാവന നൽകി.

donation.cmdrf.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് രാജ്യത്തിനകത്തും പുറത്തുമുള്ളവർക്ക് ഓൺലൈനായി പണമടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. നേരത്തെയുള്ള എട്ട് ബാങ്കുകൾക്ക് പുറമെ ഐഡിബിഐ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ആക്സിസ് ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക് എന്നിവയുടെ പേമെന്റ് ഗേറ്റ്‌വേകളും റേസർ പേ ഗേറ്റ്‌വേ വഴിയും ഇപ്പോൾ പണമടയ്ക്കാം.

പ്രമുഖ അന്താരാഷ്ട്ര ബാങ്കായ സിറ്റിബാങ്ക് അവരുടെ കാർഡുപയോഗിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഈ വെബ്സൈറ്റ് വഴി 250 രൂപയ്ക്കുമേൽ നൽകുന്ന ഓരോ സംഭാവനയ്ക്കും 500 രൂപ വീതം അധികമായി കേരളത്തിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെലവഴിയ്ക്കാനായി സന്നദ്ധസംഘടനയ്ക്ക് നൽകുമെന്ന് പ്രഖ്യാപിച്ചു. ഓൺലൈൻ വില്പന സൈറ്റായ ഫ്ലിപ്പ്കാർട്ട് ഒരു സന്നദ്ധ സംഘടന വഴി സംഭാവന ശേഖരിച്ചു നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓൺലൈൻ വസ്ത്ര വ്യാപാര സൈറ്റായ മിന്ത്രയും സിഎംഡിആർഎഫ് സംഭാവനയ്ക്ക് പ്രചാരണം നൽകുന്നുണ്ട്.



നടൻ മണികണ്ഠൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകുന്ന ഒരുലക്ഷം രൂപയുടെ ചെക്ക് സി എൻ മോഹനന് കൈമാറുന്നു

**Desabhimani**

**28 August 2018**

**Thiruvananthapuram : Disaster Fund Relief , Crossed 700**
Crore